# വയനാട് ജില്ല
# വൻകിട ജലപദ്ധതി വിരുദ്ധ
# കൺവെൻഷൻ

ബത്തേരി പ്രിൻസ്
ഓഡിറ്റോറിയത്തിൽ



**5 - 2 - 2000 ശനിയാഴ്ച**

**വൈകു. 3 മണിക്ക്**

ബഹുമാന്യരെ,

വയനാട്ടിൽ മാനന്തവാടി, ചുണ്ടേലിപ്പുഴ, കല്ലംപതി, കടമാൻതോട്, നൂൽപ്പുഴ എന്നീ അഞ്ച് ജലസേചന പദ്ധതികൾ കേരളസർക്കാർ നടപ്പാക്കാനുദ്ദേശിക്കുന്ന കാര്യം താങ്കൾക്കും അറിയാവുന്നതാണല്ലോ. വയനാടൻ ഭൂഘടനക്കും, കാലാവസ്ഥക്കും, കാർഷികമേഖലക്കും അനുയോജ്യമായത് തടയണകളും ചെറുപദ്ധതി കളുമാണെന്ന് ജനപ്രതിനിധികളും ശാസ്ത്രസാങ്കേതിക വിദഗ്ധരും ഒന്നടങ്കം അഭിപ്രായപ്പെടുന്നു. എന്നാൽ ജനഹിതത്തിനെതിരെ വൻകിട ജലപദ്ധതികൾ അടിച്ചേൽപ്പിക്കുവാൻ സർക്കാർ ലക്ഷ്യമിടുകയാണ്.

കാവേരി നദിയിലേക്ക്, കേരളത്തിൽ നിന്നൊഴുകുന്ന 147 ടി. എം. സി. വെള്ളത്തിൽ 99.8 ടി. എം. സി. വെള്ളം കേരളത്തി നർഹതപ്പെട്ടതാണെന്നും ഈ വെള്ളം കാവേരി ട്രിബ്യൂണലിൽ നിന്നും വാങ്ങിയെടുക്കുവാൻ വൻകിട ജല സംഭരണികൾ നിർമ്മിക്കണ മെന്നുമാണ് സർക്കാരിന്റെ വാദം. അതിന്റെ ഭാഗമായി എല്ലാവിധ ജനകീയ എതിർപ്പുകളെയും അവഗണിച്ചും കോടികൾ ചിലവഴിച്ചും ഫെബ്രുവരി മുതൽ സർവ്വേ നടത്തുവാൻ സമഗ്രസന്നാഹങ്ങളോടെ ജലസേചന വകുപ്പിനെ സർക്കാർ നിയോഗിച്ചിരിക്കുന്നു.

കാൽനൂറ്റാണ്ടായി 450 കോടിയിലേറെ രൂപ ചിലവഴിച്ചിട്ടും പണി തീരാതെ കിടക്കുന്ന കാരാപ്പുഴ - ബാണാസുരസാഗർ പദ്ധതികൾ അഴിമതിയുടെയും അവഗണനയുടെയും നോക്കുകുത്തികളായി സ്ഥിതി ചെയ്യുമ്പോഴാണ് ഉദ്യോഗസ്ഥ - രാഷ്ട്രീയ - കോൺട്രാക്ടർ ലോബിയുടെ സമ്മർദ്ദഫലമായി അഞ്ച് വൻകിട പദ്ധതികൾകൂടി വയനാട്ടിൽ ആരംഭിക്കുവാൻ സർക്കാരുദ്ദേശിക്കുന്നത്.

കോടിക്കണക്കിന് രൂപയുടെ വിദേശനാണ്യം നേടുന്ന കുരുമുളക്, കാപ്പി, ഏലം, തേയില, അടയ്ക്ക തുടങ്ങിയ നാണ്യവിളകൾ ഉൽപ്പാദിപ്പിക്കുന്നതും, ഹിന്ദു - മുസ്ലീം - ക്രിസ്ത്യൻ - ജൈന - ആദിവാസി ജനവിഭാഗങ്ങൾ ഐക്യത്തോടെ തിങ്ങിപ്പാർക്കുന്നതുമാണ് നിർദ്ദിഷ്ട പദ്ധതി പ്രദേശങ്ങൾ.

കേരളസർക്കാർ നടപ്പാക്കാനുദ്ദേശിക്കുന്ന അഞ്ചു വൻകിട ജലപദ്ധതികൾകൊണ്ടു അരലക്ഷത്തിലേറെ ജനങ്ങൾ കുടിയിറ ങ്ങേണ്ടതായി വരും. വയനാടിന്റെ മൊത്തം വികസന പ്രവർ

ത്തനങ്ങളും വ്യാപാര - വ്യവസായ മേഖലയും സ്തംഭിക്കും. കയറ്റുമതിയിലൂടെ ലഭിക്കുന്ന വിദേശനാണ്യം ഗണ്യമായി കുറയും. മലയാളികളുമായുള്ള കന്നഡ - തമിഴ് ജനതകളുടെ സ്നേഹബന്ധം തകരും. പരിസ്ഥിതി - കാലാവസ്ഥ - ഭൂഘടനാ വ്യതിയാനങ്ങൾകൊണ്ട് ഭാവിയിൽ ഊഹാതീത ദുരന്തങ്ങളുണ്ടാകും. ചുരുക്കത്തിൽ ദേശദ്രോഹപരവും അശാസ്ത്രീയവും ധനശാസ്ത്രദൃഷ്ട്യാ വികലവുമാണ് ഈ പദ്ധതികളഞ്ചും.

കേരള സർക്കാരിൻെറ തെറ്റായ ജലനയത്തിനെതിരെ, ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്ന ഒറ്റപ്പെട്ട സംഘടനകളുടെയും വ്യക്തികളുടെയും കൂട്ടായ്മ ഇന്ന് അത്യാവശ്യമായി വന്നിരിക്കുന്നു. ഈ സാഹചര്യത്തിലാണ് 24 - 1 - 2000 നു ബത്തേരി പ്രിൻസ് ഹോട്ടലിൽ വച്ച് വിവിധ (രാഷ്ട്രീയേതര) സംഘടനാ പ്രതിനിധികൾ ചേർന്ന് വൻകിട ജലപദ്ധതികൾക്കെതിരെ, വയനാട് ജില്ലാ കൺവെൻഷൻ 5 - 2 - 2000 ശനിയാഴ്ച 3 മണിക്ക് പ്രിൻസ് ഓഡിറ്റോറിയത്തിൽ കൂടുവാൻ തീരുമാനിച്ചത്. നാടിനു വരാനിരിക്കുന്ന വൻവിപത്തിനെ പ്രതിരോധിക്കുവാൻ വേണ്ട പ്രവർത്തനങ്ങളെ കുറിച്ചു ആലോചിക്കുന്നതിന് താങ്കളും സുഹൃത്തുക്കളും കൺവെൻഷനിൽ പങ്കെടുക്കുവാൻ ഞങ്ങൾ അഭ്യർത്ഥിക്കുന്നു.

എന്ന്,

**അബ്രഹാം ബെൻഹർ** (സേവ് വയനാട് മൂവ്മെൻറ്)
**ബാബു മൈലമ്പാടി** (വയനാട് പ്രകൃതി സംരക്ഷണ സമിതി)
**എം. കെ. ജിനചന്ദ്രൻ** (പ്ലാൻേറഴ്സ് അസോസിയേഷൻ)
**അഡ്വ. ജോയി വാറുണ്ണി** (ബാർ അസോസിയേഷൻ)
**വി. ഹരിദാസ്** (വ്യാപാരി വ്യവസായി ഏകോപന സമിതി)
**സി. ഗോവിന്ദൻ മാസ്റ്റർ** (വയനാട് ക്ഷേത്ര സംരക്ഷണ സമിതി)
**എൻ. എം. ജോസ്** (വയനാട് ജില്ലാ കത്തോലിക്ക കോൺഗ്രസ്)
**വട്ടക്കാരി മജീദ്** (മഹൽ കമ്മറ്റി)
**കെ. കെ. വാസു** (ആദിവാസി മുന്നേറ്റ സംഘം)
**എടയ്ക്കൽ മോഹനൻ** (ആദിവാസി വികാസ് പരിഷത്ത്)
**എം., നാരായണൻ** (ആദിവാസി ഫെഡറേഷൻ)
**മുണ്ടക്കൽ ജോർജ്ജ്** (ചെറുകിട വ്യവസായ അസോസിയേഷൻ)
**അഡ്വ. ഏലിയാസ് പോൾ** (കൺസ്യൂമർ വിജിലൻസ് സെൽ)
**പാലയൂർ ജോയി** (കർഷകോത്തമ)

## വയനാട്ടിലെ വൻകിട
## ജലപദ്ധതികൾക്കെതിരെ
## സർക്കാരിന്റെ തെറ്റായ
## ജലനയത്തിനെതിരെ
## പ്രതികരിക്കുക: പ്രതിരോധിക്കുക

മോഡേൺ ഓഫ്സെറ്റ് പ്രിന്റേഴ്സ് ബത്തേരി, ഫോൺ : 622681